

HIGHER SECONDARY SCHOOL


SADGAMAYA
e-താളുകൾ
സദ്ഗമയയിലൂടെ
Little KITES
ghs kumarapuram

# ***EDITORIAL BOARD***






# ***OUR KITE MASTER/MISTRESS***






# ***ആമുഖം***

പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും സർഗ്ഗശേഷി പ്രകടനത്തിനും ഏറെ പ്രാധാന്യംനൽകുന്നതാണ് നിലവിലെ വിദ്യാഭ്യാസ സമ്പ്രദായം. സ്കൂളിലെ കുട്ടികൾ സ്വയം തയ്യാറാക്കിയ ചില നുറുങ്ങുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.സർഗ്ഗവാസനയോടൊപ്പം ഐ ടി യിലുള്ള കുട്ടികളുടെ സാങ്കേതികശേഷി പരിപോഷിപ്പിക്കൽ കൂടിയാണ് ഈ മാഗസിന്റെ പ്രവർത്തനത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.


*വിഭവങ്ങൾ മെച്ചപ്പെട്ടതാണെന്നവകാശപ്പെടുന്നില്ല.സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ഈ ചെറിയ സൃഷ്ടിയ്ക്ക് അർഹിക്കുന്ന പരിഗണന കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.*



## ആശംസ

പ്രിയപ്പെട്ട കുട്ടികളെ,

*വിദ്യാഭ്യാസകാലഘട്ടത്തിൽ പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും ഏറെ പ്രാധാന്യമുണ്ട്. കലയെയും സാഹിത്യത്തെയും പ്രോത്സാഹിപ്പിക്കാനായി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ തയ്യാറാക്കുന്ന ഈ മാഗസിന് ഹൃദയം നിറഞ്ഞ ആസംസകൾ*



(ഒപ്പ്)

19-01-2019

ശാന്തി.വപി

ഹെഡ്മിസ്ട്രസ്സ്.

**ഉള്ളടക്കം**

NASA: ബഹിരാകാശത്തിലേക്കുള്ള വഴികാട്ടി....2
എന്റെ മനോഹര കേരളം....4
കേരളം എന്ന പേര് വന്ന വഴികൾ....5
'എൽനിനോ' എന്ന അദ്ഭുതം....6
ഏറ്റവും വലിയ പൂവ്....7
കേഴുകയാണിന്നമ്മ മലയാളം....8
പ്ലാങ്ക്ടൺ പ്രതീക്ഷ....9
ബ്ലെയിസ് പാസ്കൽ....11
മേധാവിയുടെ സ്നേഹം....13
ചരിത്ര മ്യൂസിയത്തിലേക്കൊരു പഠനയാത്ര....15
മലയാളത്തിനു പുളകമായ്....16
IMPORTANT CHEMICALS AND THEIR FORMULAS....19
വിചിത്ര സംഖ്യകൾ....20
നാടൻ പൂക്കൾ....23
മുല്ല....23
തുമ്പ....**ആമുഖം**24
ചെമ്പരത്തി....25
താമര....26
ചെണ്ടുമല്ലി....27
അന്നു പെയ്ത മഴയിൽ....29
CHILD LABOUR....30
CINQUAIN....31
അമ്മയാം അധ്യാപിക....32

# NASA: ബഹിരാകാശത്തിലേക്കുള്ള വഴികാട്ടി

1958-ൽ ഔദ്യോഗികമായി രൂപം കൊണ്ട നാസയുടെ ചരിത്രം നാഷണൽ അഡ്വൈസറി കമ്മറ്റി ഫോർ എയ്റോനോട്ടിക്സിന്റെ (NASA) രൂപീകരണത്തോടെയാണ് ആരംഭിക്കുന്നത്. വ്യോമയാനരംഗത്ത് യൂറോപ്യൻ രാജ്യങ്ങളുടെ പിറകിലായിരുന്ന അമേരിക്കയെ മുന്നിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സ്മിത്ത്സോണിയൻ ഇൻസ്റ്റിറ്റ്യൂഷൻ സെക്രട്ടറിയായിരുന്ന ചാൾസ് ഡി. വാൽക്കോട്ടിന്റെ നേതൃത്വത്തിലാണ് 1915-ൽ എൻ.എ.സി.എ. രൂപംകൊള്ളുന്നത്. 'വ്യോമയാനരംഗത്തെ പുരോഗതിക്കായി ഒരു സൈനികേതര ഏജൻസി' എന്ന ചാൾസ് ഡി. വാൽക്കോട്ടിന്റെ ആശയമായിരുന്നു എൻ.എ.സി.എ.യുടെ രൂപീകരണത്തിന് വഴിതെളിച്ച പ്രധാന ആശയം.NASA എന്ന 46 വർഷം പഴക്കമുള്ള ഗവേഷണസ്ഥാപനം 'നാസ'യായി മാറുമ്പോൾ 4 പരിക്ഷണ ശാലകളും 80 തൊഴിലാളികളുമാണ് ഉണ്ടായിരുന്നത്.



എക്സ്പ്ലോറർ-1

1958 ജനുവരി 31ന് എക്സ്പ്ലോറർ 1 അമേരിക്ക ഭ്രമണപഥത്തിൽ എത്തിച്ചു.നാസയുടെ തുടക്കം മുതൽക്കെ ലക്ഷ്യമിട്ടത് മനുഷ്യനെ എങ്ങനെ വിജയകരമായി ബഹിരാകാശത്ത് എത്തിക്കാമെന്നായിരുന്നു.അങ്ങനെ അമേരിക്കയും സോവിയറ്റ് യൂനിയനും



ബഹിരാകാശ ഗവേഷണ രംഗത്ത് മത്സരയോട്ടം ആരംഭിക്കുക യായിരുന്നു.ഈ ബഹിരാകശയോട്ടത്തിൽ വേർണൽ

വോൺ ബ്രൌൺൻറെ നേതൃത്വത്തിലുള്ള ജർമൻ റോക്കറ്റ് പ്രോഗ്രാമിന്റെ പ്രവേശനം നിർണ്ണായകമായിരുന്നു.രണ്ടാം ലോക മഹാ യുദ്ധത്തിനു ശേഷം അമേരിക്കൻ പൌരൻ ആയ വെർണൽ ഇന്ന് അമേരിക്കൻ ബഹിരാകാശ പരിരാടികളുടെ പിതാവായി അറിയപ്പെടുന്നു.

ബഹിരാകാശ പഠന പര്യവേക്ഷണങ്ങൾക്കായി സ്ഥാപിച്ച യു.എസ്. ഗവൺമെന്റ് സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണ് **നാസ.നാഷണൽ എയ്റോനോട്ടിക്സ് ആൻഡ് സ്പെയ്സ് അഡ്മിനിസ്ട്രേഷൻ** എന്നതിന്റെ ചുരുക്കപ്പേരാണിത്. ലോകത്തിലെ ഏറ്റവും വലിയ ബഹിരാകാശ ഗവേഷണ ഏജൻസിയായ നാസ, വിജയകരമായ അനേകം ബഹിരാകാശ യാത്രകൾക്കും പദ്ധതികൾക്കും രൂപംനല്കുകയും ഏകദേശം 150 പ്രാവശ്യം മനുഷ്യനെ ഭൂമിയുടെ ഭ്രമണപഥത്തിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. 1958-ൽ സ്ഥാപിതമായ നാസയുടെ ആസ്ഥാനം വാഷിങ്ടൺ ആണ്.

ഹരികേശ്.എസ്.പി

9 എ

# എന്റെ മനോഹര കേരളം

ഹരിതമാം  എന്റെ കേരളം
ഹരിതാഭമാം എന്റെ കേരളം
നാം നഷ്ടപ്പെടുത്തിയ കേരളം
വീണ്ടെടുക്കാം നമുക്ക് നവ കേരളം
പ്രളയത്തിൽ അകപ്പെട്ടു പോയി നാം
പല ദിവസ്സങ്ങൾ പട്ടിണിക്കൊപ്പവും
മുന്നിലോ കടലോളം  വെള്ളമാണെന്നാൽ
ദാഹമകറ്റാൻ ഒരു തുള്ളിയില്ല
ദുരന്തം ചൂണ്ടിക്കാട്ടി നമ്മിൽ
നാം  എന്നുമൊന്നാണെന്ന ഒറ്റവാക്ക്
ജാതിയും മതവും ഒന്നുമില്ല
വലിയോൺ ചെറിയാൻ എന്നുമില്ല
കഴിഞ്ഞു നാം ഒരുമിച്ച
ദുരിദാശ്വാസ ക്യാമ്പിൽ
ഒരുമയെന്ന വാക്കിന് അർത്ഥവുമായി
നവ കേരളത്തിന്  സൃഷ്ഠാക്കലാവാം
നമുക്ക് വേണം മനോഹര കേരളം
പച്ച വിതച്ച പാടങ്ങളും
കള  കളമൊഴുകും അരുവികളും
തല പൊക്കി നിൽക്കും തെങ്ങിൻ തോപ്പുകളും
എല്ലാം നിറഞ്ഞൊരു പുതു നാട്
പ്രാർത്ഥിക്കാം നമുക്ക് ഒരുമിച്ച
ഇനിയൊരു ദുരന്തം  കാണാതിരിക്കാം
വരു കൂട്ടുകാരേ  കൈകൾ  കോർക്കൂ ...
നമുക്കുണ്ടാക്കാം പുതു കേരളം
സ്നേഹം കവിയുന്ന
ഒരുമ നിറയുന്ന മനോഹര കേരളം എന്റെ മനോഹര കേരളം

***ദേവനന്ദ.ആർ       10 ബി***

# കേരളം എന്ന പേര് വന്ന വഴികൾ

കേരളം എന്ന പേരിന്റെ ഉത്ഭവത്തെ പറ്റി അഭിപ്രായങ്ങൾ ഉണ്ട്
കേര വൃക്ഷങ്ങൾ നിരന്നസ്ഥലം എന്ന അർത്ഥത്തിൽ കേരളം എന്ന
പേര് ഉണ്ടായി എന്ന അഭിപ്രായമാണ് ഏറ്റവും പ്രബലം.
കേരം എന്ന പദവും സ്ഥലവും എന്നർത്ഥം വരുന്ന ആലം എന്ന പദവും
ചേർന്നാണ് കേരളം എന്ന പേര് ഉണ്ടായി എന്ന് വാദം ഈ
അഭിപ്രായത്തെ ബലപ്പെടുത്തുന്നു.
മറ്റൊരു അഭിപ്രായം അറബി സഞ്ചരിക്കാണ് പേരിന്റെ ഉത്പത്തിയുടെ
പിന്നിൽ എന്നാണ്.
കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും കണ്ടു അള്ളാഹ അനുഗ്രഹിച്ച നാട്
എന്നർത്ഥത്തിൽ ഖൈറുള്ള എന്ന് വിളിച്ചിരുന്നത്.
അത് ലോപിച്ചാണ് കേരളം എന്ന പേര് ഉണ്ടായതെന്ന് മറ്റൊരു
വിശ്വാസം .മലബാർ എന്ന പദം അറബികൾ വഴി ലഭിച്ചതാണെന്ന് ഇ
അഭിപ്രായത്തിന്
കൂട്ടുതൽ പിന്തുണ നൽകുന്നത്.
മഹൽ എന്ന പദവും ബുഹാർ  എന്ന പദവും ചേർന്നാണ് മലബാർ എന്ന
പദം ഉണ്ടായത്.
മഹൽ ബുഹാർ എന്നാൽ സുഗന്ധവിജ്ഞാനങ്ങളുടെ നാട് എന്ന അർഥം.
അത് പിന്നീട് ലോപിച്ചാണ് മലബാർ എന്നായത്.

സ്മിജ.ബി
8 സി

2018-19

സ്കൂളിൽ  നടത്തിയ ചില  ഭൗതിക പ്രവർത്തനങ്ങൾ



ക്ലാസ്സ് റൂമുകളെല്ലാം  ഹൈ ടെക്ക് ആയി



സ്കൂളിന് പുതിയതായി ഒരു വായന റൂം ,,



MP  ശ്രീ  എം ബി രാജേഷിന്റെ

പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച ഈ

സ്കൂളിൽ  നിർമിച്ച സ്മാർട്ട് ക്ലാസ് മുറി



പിടി എ യുടെ നേതൃത്വത്തിൽ കുട്ടികൾ ഭക്ഷണം
കഴിക്കുന്ന  ഹാളിൽ എട്ടു ഡൈനിങ്ങ് tables
ഉണ്ടാക്കി തന്നത് സ്കൂളിലെ എല്ലാ കുട്ടികൾക്കും
ഒരുമിച്ചു ഇരുന്നു ഉച്ച ഭക്ഷണം കഴിക്കാൻ
സൗകര്യമായി ,,

# 'എൽനിനോ' എന്ന അദ്ഭുതം

സമുദ്രങ്ങൾ ചൂടുപിടിക്കുന്നതിൻെറ ഫലമായി പസഫിക്ക് പദേശത്തുണ്ടായ പതിഭാസമാണ് 'എൽനിനോ'.ചൂടുപിടിച്ച ജലം പസഫിക്കിലെ തണുത്ത പ്രദേശങ്ങളിലേക്കു കടന്നു കയറുന്നതാണ് 'എൽനിനോ' എന്നി പറയാം.കുറച്ചു വർഷങ്ങളുടെ ഇടവേളയിൽ അതു വീണ്ടും വീണ്ടും സംഭവിച്ചുകൊണ്ടിരുക്കുന്നു.

മധ്യ,കിഴക്കൻ പസഫിക്ക് പ്രദേശങ്ങൾ കനത്ത മഴയ്ക്കും ജലോപരിതലത്തിലെ ചൂട് വല്ലാതെ കൂടുന്നതിനും കാറ്റിൽ മാറ്റങ്ങളുണ്ടാകാനും അതു കാരണമാകുന്നു.അതുപോലെ കടൽപക്ഷികളേയും അതു ദോഷകരമായി ബാധികുന്നു.ഇതിനേകാളൊക്കെ കൂടുതൽ വ്യപകമായ കുഴപ്പങ്ങൾക്കും എൽനിനോ പ്രതിഭാസം കാരണമാകുമെന്നാണ് കരുതപ്പെടുന്നത്.ഓസ്ട്രേലിയയിലും ബ്രസീലിലും ആഫ്രിക്കയിലും ഇതു മൂലം കൊടുംവരൾച്ച ഉണ്ടകുന്പോൾ തെക്കേ അമേരിക്കയുടെ പല ഭാഗങ്ങളിലും മഴയുണ്ടകാം.വളരെ അകന്നു നിൽക്കുന്ന പ്രദേശമായ വടക്കേ അമേരിക്കയിലും കുഴപ്പങ്ങൾക്കു സാധ്യതയുണ്ട്.പണ്ട് വളരെ അപൂവ്വമായി മാത്രം സംഭവിക്കുമെന്ന് കരുതിയിരുന്ന ഇക്കാര്യങ്ങൾ കഴിഞ്ഞ 20 വർഷങ്ങൾക്കിടെ ആവർത്തിച്ച് അനുഭവപ്പെട്ടു.കാലാവസ്ഥയെക്കുറിച്ചുള്ള ഇന്നത്തെ കണക്കുകളും പ്രതീക്ഷകളുമൊക്കെ തകിടം ശാസ്ത്രജ്ഞന്മാർ പറയുന്നത്.

ഭീകരൻ കാറ്റുകളുടെ കൊടും വരൾച്ചയുടെയും അതികഠിനമായ മഴയുടെയും കാലങ്ങളാണത്രെ വരാനിരിക്കുന്നത്.ഇക്കാര്യത്തിൽ ശാസ്ത്രജ്ഞന്മാർക്കിടയിൽ അഭിപ്രായവ്യത്യസമുണ്ട്.എങ്കിലും കാലാവസ്ഥയിൽ അസാധാരണമായ മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്.മോശം കാലാവസ്ഥ മൂലം സഞ്ചാരികൾ പോകാൻ മടിച്ചിരുന്ന നൈജീരിയ ഇപ്പോൾ ചൂടുപിടിച്ചുകൊണ്ടിരിക്കുകയാണ്.

സമുദ്രജലവും അതിലെ ജീവജാലങ്ങളും അന്തരീക്ഷ വായുവിൽ നിന്ന് ധാരാളം $CO_2$ വലിചെടുക്കുന്നുണ്ട്.പക്ഷേ,സമുദ്രം തണുത്തിരിക്കുന്പോഴാണ് $CO_2$ കൂടുതൽ വലിച്ചെടുക്കപ്പെടുന്നത്.സമുദ്രം ചൂടുപിടിക്കുന്തോറും അതിൻെറ കുറയും എന്നാണ് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത്.

ആശ.എം

10 ബി

# ഏറ്റവും വലിയ പൂവ്

മുഗൾ ചക്രവർത്തിയായ അക്ബർ ഒരിക്കൽ തൻെറ സദസ്സിലുള്ളവരോടു ചോദിച്ചു:"ഏതാണ ലോകത്തിലെ ഏറ്റവും വലിയ പൂവ്?"
ആർക്കും പറയാനായില്ല.ഒടുവിൽ ബുദ്ധിമാനായ ബീർബലിൻെറ ഊഴമെത്തി."പരുത്തിച്ചെടിയുടെ പൂവാണ് പ്രഭോ ഏറ്റവും നല്ല പൂവ്!",ബീർബൽ പറഞ്ഞു:"കാരണം,പഞ്ഞിപോലുള്ള ആ പൂവിൽ നിന്നാണ് ഇക്കാമിന്നവർക്കെല്ലാമുള്ള വസ്തങ്ങൾ ഉണ്ടാക്കുന്നതുന്നത്.സ്വന്തം ദേഹത്തെ നശിപ്പിച്ചുകൊണ്ട് മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്ന പൂവ് വേറെ ഏതുണ്ട്?"
"ശരിയാണ്,ബീർബൽ!",അക്ബർ പറഞ്ഞു:"സ്വയം നശിച്ചാലും മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നതാമ് ഏറ്റവും മഹത്തായ കാര്യം.അതുകൊണ്ട് പരുത്തിച്ചെടിയുടെ പൂവ് തന്നെ ഏറ്റവും നല്ലത്!"

അർച്ചന.ആർ

8.സി

## കേഴുകയാണിന്നമ്മ മലയാളം

*ആരു രക്ഷിക്കും നിന്നെയെൻ കൈരളി*
*ടൂറിനെത്തുന്ന പാവം വിദേശിയോ?*
*നീയറിഞ്ഞുവോ നിൻമക്കൾ നാടിൻെറ ചോര-*
*യൂറ്റിക്കുടിക്കുന്ന വാർത്തകൾ*
*നേരറിയുന്പോഴെന്തുനെറികേടെ-*
*ന്നോർത്തു ഞാൻ നീറി നീറിപ്പിടയവേ*
*പത്രവാർത്തകൾ പൊള്ളിക്കുകയാണുള്ളം*
*എങ്ങനെയിനി ജീവിക്കുമീ മണ്ണിൽ*
*തന്തമാർ മക്കളെ പ്പിഴപ്പിക്കുന്ന*
*പെറ്റ തള്ളമാർ കൂട്ടികൊടുക്കുന്ന*
*അറിവു പകരും ഗുരുനാഥൻ തന്നെയും*
*ശിശ്യരെ പീഡിപ്പിക്കുന്ന നാടിത്*
*കാളിയന്മാർ പുളയ്ക്കുന്ന നാടിത്*
*കാളകൂടങ്ങൾ വിൽക്കുന്ന നാടിത്*
*പിഞ്ചുകുഞ്ഞിന്നിളം മേനിയിങ്കലും*
*രാസലീലകളാടുന്ന നാടിത്*
*വരിക ഭാർഗ്ഗവാ വെൺമഴുവേന്തി നീ*
*സൂര്യരശ്മികൾ വിൽക്കുന്നതിൻ മുന്പേ*
*വായു പോലും അരിച്ചുവിൽക്കും മുന്പേ*
*ഭൂഗർഭനീരുറവയെപോലും വിറ്റു*
*കോളയായ് മാറ്റുന്നതിൻ മുന്പേ*
*വരികഭാഗ്ഗവാ വെക്കം വരിക നീ*
*കേഴുകയാണിന്നമ്മ മലയാളം*
*കേഴുകയാണിന്നമ്മ മലയാളം.*

*ബ്രിജിത ചന്ദ്ര ആനിക്കോട്*

# പ്ലാങ്ക്ടൺ പ്രതീക്ഷ

വെള്ളത്തിനു മുകളിൽ പൊങ്ങിക്കിടക്കുന്ന അണുജീവികളെയാണ് പ്ലാങ്ക്ടൺ എന്നു പറയുന്നത്.പ്ലാങ്ക്ടണും ഗ്ലോബൽ വാമിംഗുമായി എന്തു ബന്ധം എന്നാണോ?എങ്കിൽ കേട്ടോളൂ,ഗ്ലോബൽ വാമിംഗ് കുറയ്ക്കാൻ ആ കുഞ്ഞു ജീവികൾക്ക് ഒരു പരിധിവരെ സാധിക്കും.

അന്തരീക്ഷത്തിൽ നിന്ന് $CO_2$ വലിച്ചെടുക്കുന്ന കൂട്ടരാണ് ഇവർ.സമുദ്രങ്ങളിൽ പ്ലാങ്ക്ടൺകൾ വൻ തോതിൽ വേരുകാൻ സഹായിച്ചാൽ കൂടുതൽ $CO_2$ അവ വലിച്ചെടുത്തുകൊള്ളും. ശാസ്ത്രജ്ഞന്മാരുടെ ചിന്ത എപ്പോൾ ഈ വഴിക്കാണ്.

പക്ഷേ,അതിന് ചില തടസ്സങ്ങളുണ്ട്.ജലത്തിലടങ്ങിയിട്ടുള്ള എരുന്പ് അവരുടെ വളർച്ചക്ക് ആവിശ്യമാണ്.ഇരുന്പിൻറ അംശം ജലത്തിൽ കുറയുന്നത് പ്ലാങ്ക്ടണുകൾ നശിക്കാനിടയാക്കും.പ്ലാങ്ക്ടണുകൾ കുറഞ്ഞ സ്ഥത്തു നടത്തിയ ഗവേഷണങ്ങളാണ് എക്കാര്യം പുറത്തുകൊണ്ടുവന്നത്.അവയുടെ വൾച്ചയ്ക്ക് ആവശ്യമായ ഇരുന്പ് വെള്ളത്തിൽ കലർത്തുകയാണ് അതിനുള്ള പരിഹാരം.1988-ൽ ഈ ആശയം ശാസ്ത്രജ്ഞർ മുന്നോട്ടു വെയ്ക്കുന്പോൾ അതൊരു ശാസ്ത്രകഥയായേ ആളുകൾ കരുതിയുള്ളൂ.എന്നാൽ ആദ്യമൊക്കെ പരീക്ഷണം പരാജയപ്പെട്ടു.ഇരുന്പു സത്ത് ആഴങ്ങളിലേക്ക് താഴ്ന്നു പോയതായിരുന്നു കാരണം.

ഇരുന്പു സത്തു കലർത്താൻ പിന്നീട് പുതിയ ചില വിദ്യകൾനടത്തി.ആ പരീക്ഷണം വിജയിച്ചു.1995-ൽ പസഫിക് സമുദ്രത്തിലായിരുന്നു ആദ്യപരീക്ഷണം.ഒരു ടൺ ഇരുന്പുപയോഗിച്ചു നടത്തിയ ഈ പരീക്ഷണത്തിൻെറ ഫലമുണ്ടായ പ്ലാങ്ക്ടൺ 10000 ടൺ $CO_2$-ആണ് അന്തരീക്ഷത്തിൽ നിന്നും വലിച്ചെടുത്തത്.എങ്കിലും എപ്പോഴും ഇത് സാധ്യമാകുമോ എന്ന കാര്യം സംശയമാണ്.

സമുദ്രത്തിലെ തണുത്ത ജലം $CO_2$ വലിച്ചെടുക്കുമെന്ന് നേരത്തേ

പറഞ്ഞല്ലോ.സ്വഭാവികമായ രീതിയിൽ ഒരു വർഷം ഇങ്ങനെ 105 ബില്ല്യൺ ടൺ $CO_2$ വലിച്ചെടുക്കുന്നുണ്ടെന്നാണ് ശാസ്ത്രജ്ഞർ കണക്കാക്കുന്നത്.ഉഷ്ണമേഖലയിലെത്തുന്പോൾ ഇതേ ജലപ്രവാഹത്തിൽ നിന്നും $CO_2$ തിരിച്ച് അന്തരീക്ഷത്തിലേക്ക് പോകുകയും ചെയ്യും.എന്നാൽ അവ പുറത്തുവിടുന്നതിൽ കൂടുതൽ വലിച്ചെടുക്കുന്നുണ്ടെന്നാണ് ഏറ്റവും പുതിയ കണ്ടെത്തൽ.പക്ഷേ,

ചൂടായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ ഈ കണക്കിൽ മാറ്റം വരാം.അപ്പോൾ അവ ഉൾക്കോള്ളുന്നതിനേക്കാൾ കൂടുതൽ $CO_2$ പുറത്തുവിടാനാണ് സാധ്യത.

ഈ കണക്കുകൂട്ടലൊന്നും ശരിയാകമമെന്നില്ല.കാരണം,വളരെ വിസ്തൃതമായ പ്രദേശത്ത് എപ്പോഴും ഒഴുകിക്കൊണ്ടിരികുകയാണ് സമുദ്രജലം.അതിൻെറ മാറ്റങ്ങൾ അപ്പപ്പോൾ കണക്കാക്കാൻ കഴിയില്ല.അപ്പോൾ കണക്കുകൂട്ടലുകളിലെ ചെറിയ വിശകുകൾ പോലും $CO_2$-വിൻെറ കാര്യത്തിൽ ലക്ഷക്കണക്കിനു ടണ്ണുകളുടെ മാറ്റമാണു വരുത്തുക.സമുദ്രം ചൂടുപിക്കുന്നതും എല്ലായിടത്തും ഒരു പോലെയല്ല.

ഉപഗ്രഹങ്ങൾ മുഖേനയുള്ള പഠനങ്ങൾ ഇക്കാര്യം സ്ഥാപിക്കുന്നു.കൃത്യമായി ഇതൊക്കെ എന്നു കണക്കാക്കാൻ കഴിയുമെന്ന ആശങ്കയിലാണ് ശാസ്ത്രജ്ഞന്മാർ.

ചാരുജിത്ത്.ജെ

9 എ

# ബ്ലെയിസ് പാസ്കൽ

പക്വതയെത്തിയതിനു ശേഷം മാത്രം മകൻ ഗണിതം അഭ്യസിച്ചാൽ മതി എന്നു
കരുതി ഒരു പിതാവ് ചെറുപ്പത്തിൽ ഗണിതപഠനത്തിന് അവസരം നൽകിയില്ല. അതുകൊണ്ടുതന്നെ വീട്ടിലുണ്ടായിരുന്ന അപൂർവങ്ങളായ ഗണിതഗ്രന്ഥങ്ങൾ പഠിക്കുവാനോ വായിക്കുവാനോ അവസരം ലഭിച്ചില്ല.വിവിധ ഭാഷകൾ പഠിച്ചു മടുത്ത മകൻ ഒരിക്കൽ പിതാവിനോട് സംശയം ചോദിച്ചു ക്ഷേത്രഗണിതം എന്നാൽ എന്താണ്!അച്ഛൻ ചോദ്യത്തിന് മറുപടി നൽകിയെങ്കിലും ഇതിനെപ്പറ്റി ഇപ്പോൾ അലോചിക്കേണ്ടതില്ലെന്ന് മകനെ ശാസിച്ചു.പിതാവിൽ നിന്നുലഭിച്ച ഉത്തരത്തിൽ തൃപ്തനാകാതെ മകൻ ഒഴിവുസമയങ്ങളിൽ കരിക്കട്ട ഉപോഗിച്ച് ത്രികോണങ്ങൾ,വൃത്തങ്ങൾ എന്നിവ വരയ്ക്കുവാനും അവയുടെ പ്രത്യേകതകളെക്കുറിച്ച് ആലോചനക്കുകയും ചെയ്തു.ഈ ആലോചനകൾ ക്ഷേത്ര ഗണിതത്തിലെ നിരവധി സൂത്രങ്ങളും അവയുടെ തെളിവുകളും കണ്ടെത്താൻ പന്ത്രണ്ട് വയസ്സ് മാത്രമുള്ള ബാലനെ സഹായിച്ചു.

ഒരിക്കൽ ത്രികോണത്തിൻെറ അളവുകൾ സംബന്ധിച്ച കണ്ടെത്തലുകൾ കുറിക്കവേ,മകനെ കാണാതിരുന്ന് അന്വേഷിച്ചെത്തിയ പിതാവ് ഈ കുറിപ്പുകൾ വായിക്കാനിടയായി.ശകാരം മറന്ന് ഭയന്ന് വിറച്ചുനിന്ന മകനെ ചേർത്തുപിടിച്ച് അച്ഛൻ സന്തോഷത്തോടെ കണ്ണുണ്ണീർ പോഴിച്ചു.യൂക്ലിഡിൻെറ മൂലപ്രണാമങ്ങൾ എന്ന പുസ്തകം സമ്മാനമായി നൽകുകയും ചെയ്തു.

ഗണിതം പഠിക്കാനുള്ള മകൻെറ കഴിവിനെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുനാൻ ആ പിതാവ് പിന്നീട് തയ്യറായതുകൊണ്ടാണ് ലോകത്തിന് ബ്ലെയിസ് പാസ്കൽ എന്ന അപൂർവ പ്രതിഭയായ ഗണിതശാസ്ത്രജ്ഞനെ ലഭിച്ചത്. ഗോകുൽ.പി9 സി

## ഈ വർഷം

## സ്കൂളിന്റെ പ്രധാനപ്പെട്ട മികവായി ചെയ്യുന്ന അക്കാദമിക പ്രവർത്തനം

തിങ്കൾ ,ബുധൻ ,വെള്ളി ദിവസങ്ങളിൽ അസ്സംബ്ളി കൂടുന്നു ,എല്ലാ അസ്സംബ്ളിയിലും ക്ലബ് പ്രവർത്തനങ്ങളിൽ കുട്ടികൾ നിർമിച്ച ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു










കുട്ടികൾ നിർമിച്ച എല്ലാ ഉത്പന്നങ്ങളുടെയും പ്രദർശനം സ്കൂളിന്റെ സമീപത്തുള്ള സ്കൂളിലെ കുട്ടികളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് മികവുത്സവമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്



# മേധാവിയുടെ സ്നേഹം

എഴുപതോളം ശാസ്ത്രജ്ഞർ ജോലി ചെയ്യുന്ന ഒരു റോക്കറ്റ് വിക്ഷേപണ കേന്ദ്രം.പുതിയൊരു റോക്കറ്റ് വിക്ഷേപിക്കുന്നതിനുള്ള പണി തുടങ്ങിയിരിക്കുന്നു.
ജോലിയുടേ കാര്യത്തിൽ വളരെ കർക്കശനായിരുന്ന അതിൻറ മേധാവി ശാസ്ത്രജ്ഞർക്ക് പിടിപ്പത് പണികൊടുക്കുകൊണ്ടിരുന്നു.പക്ഷേ,അവർക്കാർക്കും മേധാവിയോട് തെല്ലും ദേഷ്യം തോന്നിയിരുന്നില്ല.പകരം കൂടുതൽ അത്മാർത്ഥതയോടെ തങ്ങളുടെ ജോലിയിൽ വ്യപൃതരായി.
ഒരു ദിവസം രാവിലെ ഒരു ശാസ്ത്രജ്ഞൻ മേധാവിയുടെ മുന്നിലെത്തി.”സർ,നഗരത്തിൽ ഒരു പ്രദർശനം നടക്കുന്നുണ്ട്.കുട്ടികളെ എന്തായാലും ഇന്ന് കൊണ്ടുപോകാമെന്ന് ഞാൻ വാക്കുകൊടുത്തു.ഇന്ന് അഞ്ചരയ്ക്ക് എനിക്ക് പോകാൻ അനുവാദം തരണം.”
"ഓക്കേ,നേരത്തേ പൊയ്ക്കോളൂ.”മേധാവി അനുവാദം നൽകി.
അയാൾ തൻെറ ജോലി തുടങ്ങി.ഉച്ചയൂണിന് ശേഷവും നേരത്തേ തന്നെ പണിതീക്കണമെന്ന് തീരുമാനിച്ച് അദ്ദേഹം ജോലിയിൽ മുഴുകി.പണി ഏതാണ്ട് തീർത്ത് വാച്ചിൽ നോക്കിയ ശാസ്ത്രജ്ഞൻ ഞെട്ടിപ്പോയി.സമയം എട്ടര.
ശാസ്ത്രജ്ഞൻ വേഗം തൻെറ മേധാവിയുടെ മുറിയിലേക്ക് ചെന്നു.അദ്ദേഹം സീറ്റിലില്ല.വീട്ടിൽ ചെല്ലുന്പോൾ കുട്ടികളോട് എന്തു പറയും എന്നായിരുന്നു ശാസ്ത്രജ്ഞൻെറ മനസ്സുനിറയെ.
ശാസ്ത്രജ്ഞൻ വീട്ടിലെത്തിയപ്പോൾ ഭാര്യ ഒറ്റയ്ക്ക് ഇരിപ്പുണ്ട്.ഇപ്പം ഒരു പോട്ടിത്തെറിയുണ്ടാവും എന്ന് പ്രതീക്ഷിച്ചിരുന്ന അന്പപ്പെട്ടുത്തിക്കൊണ്ട്

ഭാര്യ ചോദിച്ചു."ചായ എടുക്കട്ടെ?അതോ അത്താഴം കഴിക്കുന്നതേയുള്ളോ?".

ഞെട്ടലിൽ നിന്ന് മുക്തിനേടാതെ ശാസ്ത്രജ്ഞൻ ചോദിച്ചു."കുട്ടികളെവടെ?"

"ങ്ഹാ,നിങ്ങൾക്കറിയില്ലേ?അഞ്ചേകാലായപ്പോൾ നിങ്ങളുടെ മേധാവി ഇവിടെ വന്ന് കുട്ടികളെ കൂട്ടിക്കൊണ്ട് പ്രദർശനം കാണാൻ പോയല്ലോ."ഒന്നും മനസ്സിലാകാതെ ശാസ്ത്രജ്ഞൻ അന്പരന്നുനിന്നു. എന്നാൽ സംഭവിച്ചത് എന്തായിരുന്നെന്നോ?വൈകീട്ട് നേരത്തേ പോകണം എന്നുപറഞ്ഞ ശാസ്ത്രജ്ഞൻ അഞ്ചുമണിയായിട്ടും പണിയിൽ മുഴുകിയിരിക്കുന്നതാണ് മേധാവി കണ്ടത്.ജോലി തീരാതെ അയാൾ എണീക്കില്ല എന്ന് മേധാവിക്ക് തീർച്ചയുണ്ടായിരുന്നു.അയാളെ കാത്തിരിക്കുന്ന കുട്ടികളുടെ സങ്കടം ഓർത്തപ്പോൾ മേധാവി പിന്നൊന്നും ആലോച്ചില്ല.അദ്ദേഹം തന്നെ വീട്ടിലെത്തി കുട്ടികളെ പ്രദർശനം കാണിക്കാൻ കൂട്ടികൊണ്ട് പോയി.

ജോലിയിൽ എത്രകണിശ്ശക്കാരനാണെങ്കിലും ഒപ്പം ജോലി ചെയ്യുന്നവരുടെ കാര്യങ്ങളിൽ ഒരു കുറവും ഉണ്ടാവരുത് എന്ന് ആഗ്രഹിച്ചിരുന്ന ആ മേധാവി ആരായിരുന്നെന്നോ?ഇന്ത്യയുടെ മിസൈൽ മാൻ എന്നറിയപ്പെന്ന നമ്മുടെ മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാം.

# ചരിത്ര മ്യൂസിയത്തിലേക്കൊരു പഠനയാത്ര

സോഷ്യൽ സയൻസ് ക്ലബിൻറ ഭാഗമായി ഞങ്ങൾ ഒരു പഠനയാത്ര നടത്തി.ആ ദിവസം രാവിലെ നേരത്തെ സ്കൂളിൽ വന്നു.പത്ത് മണിക്ക് ബസ്സിൽ കയറി.ഒരു മണിക്കൂർ ബസ് യാത്ര.ബസ്സിൽ പോകുന്പോൾ കൂട്ടുകാരോടൊപ്പം സിനിമ കണ്ടു.പാട്ടു വെച്ചു ഡാൻസ് കളിച്ചു ആഘോഷിച്ചു.അങ്ങനെ ഞങ്ങൾ ചിറ്റൂരിൽ എത്തിച്ചേർന്നു.അവിടെ ഞങ്ങളുടെ സ്കൂൾ മാത്രമല്ലായിരുന്നു.വേറെ നിറയെ സ്കൂൾ കുട്ടികൾ ഉണ്ടായിരുന്നു.അവിടെ ടർക്കി കോഴികളെയും താറാവുകളേയും വിചിത്രമായ പശുക്കളെയും പഴയ ആളുകൾ ഉപയോഗിച്ചിരുന്ന വാഹനങ്ങളും ട്രാക്ക്ടറുകളും കണ്ടു.അതിനോടു തൊട്ടുതന്നെ മനോഹരമായ വയലും പാടവും തോട്ടുമെല്ലാമായി വളരെ ഭംഗിയുള്ള സ്ഥലമുണ്ടായിരുന്നു.അവിടെ ഒരു തറവാട്ടും ഉണ്ടായിരുന്നു.ആ തറവാട്ടിൽ ആയിരുന്നു പഴയ കാലത്തിൽ ആളുകൾ ഉപയോഗിച്ചിരുന്ന പാത്രങ്ങളും ആയുധങ്ങളും മരം കൊണ്ടുള്ള ഓരോ ഉപകരങ്ങളും കണ്ടു.ഞങ്ങൾ കൈയ്യിൽ കൊണ്ടുപോയ ഉച്ചഭക്ഷണം കഴിച്ച അവിടെന്ന് പുറപ്പിട്ടു.അവിടെ കണ്ട ഓരോ സാധനങ്ങളും കണ്ട് മനസ്സിലാക്കാൻ പറ്റി.ആ ടൂർ വളരെ മനോഹരമായിരുന്നു.

ജിൻസൻ.ആർ.എ

9 എ

## മലയാളത്തിന പുളകമായ്

സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം.
-കുമാരനാശാൻ

വരിക വരിക സഹജരെ
സഹനസമര സമരമായ്
കരളുറച്ച് കൈകൾ കോർത്തു
കാൽ നടയ്ക്ക പോക നാം.
-അംശി
നാരായണപിള്ള

പോര പോര നാളിൽ നാളിൽ
ദൂരദൂരമുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ
ആകാശപൊയ്കയിൽ പുതുതാകുമലയിളകട്ടെ
ലോകബന്ധുഗതിക്കൊത്ത മാർഗം കാട്ടട്ടെ.
-വള്ളത്തോൾ

സ്മരിപ്പിൻ ഭാരതീയരെ
സ്മരിപ്പിൻ ഭാരതീയരെ
നമിപ്പിൻ മാതൃഘഭൂമിയെ
മുലപ്പാൽ തന്നോരമ്മയേ
എന്നാലും ഹാ മറക്കാമേ.
പി കേളുനായർ

-

ഉണരട്ടെ നിങ്ങൾതൻ സ്വാഭിമാനം
ഉയരട്ടെ വിപ്ലവാഹ്വാനഗാനം
അടിമത്തം തീറ്റുന്നോരി നിയമം!
അടിയട്ടെ ചേർക്കുണ്ടിലാകമാനം!
-എസ് കെ പൊറ്റക്കാട്

വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ
പൊട്ടിച്ചെറികയീക്കൈവിലങ്ങും
ഞങ്ങളെപ്പൊക്കുക
കൂരിരുട്ടിൻ കോട്ടയെങ്ങും
ചവിട്ടി നിരത്തുവാനും.
-കുമാരനാശാൻ

പോരുക പോരുക നാട്ടാരെ
പോർക്കളമെത്തുക നാട്ടാരെ
ചേരുക ചേരുക സമരത്തിൽ
സ്വാതന്ത്ര്യത്തിൻ സമരത്തിൻ.
-എസ് കെ ദാസ്

# യാത്രാ വിവരണം

സ്കൂളിൽ നിന്ന് വിനോദയാത്ര പോകുവാൻ തീരുമാനിച്ചു. ഡിസംബർ 07 ന് പുലർച്ചേ 5:30 ന് സ്കൂളിൽ നിന്നും പുറപ്പെട്ടു. വിനോദയാത്ര പോകുന്നതിനു തലേ ദിവസം തന്നെ ഞങ്ങൾക്ക് വളരെ സന്തോഷവും ആഹ്ലാദവും ആകാംഷയും ഉണ്ടായിരുന്നു. ഞങ്ങൾ ആരും തന്നെ ഉറങ്ങിയിരുന്നില്ല. മനസ്സിൽ മുഴുവനും പോകുന്നതിനെക്കുറിച്ചും അവിടത്തെ കാഴ്ചകളും ആയിരുന്നു. ബസ്സിൽ കയറിയതും ഞങ്ങൾ വളരെ സന്തോഷത്തിലായിരുന്നു. പത്താം ക്ലാസ് ബാച്ചിന്റെ വിനോദയാത്ര! ബസ്സ് പുറപ്പെട്ടപ്പോൾ തന്നെ ബസ്സിൽ കൂവിവിളിയും നിലവിളിയും തുടങ്ങി. തുടക്കത്തിൽ തന്നെ വണ്ടിയിൽ പാട്ടും ബഹളവും ആയിരുന്നു. ഞങ്ങൾ വണ്ടിയിൽ ഞങ്ങളുടെ കുട്ടുകാരോടൊപ്പം ഡാൻസ് കളിക്കുകയും ഫോട്ടോസ് എടുക്കുകയും ചെയ്തു. ചാലക്കുടിയിലെത്തിയതും ഗാർഡൻ ചർച്ചിലേക്കു പോയി. അവിടെ ഞങ്ങൾ ടീച്ചറുടെ കൂടെയും കൂട്ടുകാരോടൊപ്പവും നിറയെ സെൽഫികൾ എടുത്തു. അവിടെ നിന്ന് പ്രഭാത ഭക്ഷണം കഴിച്ച ഉടനെ ഞങ്ങൾ യാത്ര പുറപ്പെട്ടു. ബസ്സിൽ വച്ച് സുധീഷ് സാർ ഞങ്ങൾക്കെല്ലാവർക്കും വേണ്ടി എച്ച്.എം ടീച്ചർ ഉണ്ടാക്കിയ റവലഡു വിതരണം ചെയ്തു.

ഞങ്ങൾ ആദ്യം ചെന്നത് ആതിരപ്പളി വെള്ളച്ചാട്ടത്തിലേക്കായിരുന്നു. അവിടെ നിന്ന് നിറയെ കുരങ്ങുകളെകണ്ടു. നിറയെ ഫോട്ടോസ് എടുത്തു. അതിനു ശേഷം ഞങ്ങൾ Dream world park ൽ പോയി. ആദ്യം ചെന്നത് ത്രീഡി കാണുവാനായിരുന്നു.

ആ സമയം എല്ലാവരും ബഹളത്തിലായിരുന്നു. അതിനുശേഷം ഞങ്ങൾ ട്രെയിനിൽ ടീച്ചർമാർക്കൊപ്പം പോയി. ഉച്ചയ്ക്ക് രണ്ടു മണിക്ക് ഭക്ഷണം കഴിച്ച ശേഷം വാട്ടർ റൈഡറിലേക്കു പോയി. ഞങ്ങൾ എല്ലാവരും ആദ്യം ചെന്നത് വാട്ടർട്രെയിനിൽ ആയിരുന്നു. അഞ്ച് മണി വരെ അവിടെ ആഹ്ലാദിച്ചും അർമാദിച്ചും കളിച്ചു രസിച്ചു. അവിടെനിന്ന് ഐസ്ക്രീം വാങ്ങി കഴിച്ചു. 5:30 ന് അവിടെ നിന്നും പുറപ്പെട്ടു. 7:30 ന് ഞങ്ങൾ ഒരു ഫാമിലി റസ്റ്റോറന്റിൽ പോയി ഭക്ഷണം കഴിച്ചു. ടീച്ചേഴ്സ് ഭക്ഷണം കഴിച്ചു കഴിഞ്ഞ ശേഷം ഞങ്ങൾ എല്ലാവരും ബസ്സിൽക്കയറി. ഞങ്ങൾ എല്ലാവരും ചേർന്ന് ഡാൻസ് കളിച്ചു. കൂടാതെ ഞങ്ങളോടൊപ്പം ഞങ്ങളുടെ ഇംഗ്ലീഷ് ടീച്ചറും ഡാൻസ് കളിച്ചു. രാത്രി എട്ടരയായപ്പോൾ എല്ലാവരും വീട്ടിലെത്തി.

രേവതി.ഡി 10 ബി

# IMPORTANT CHEMICALS AND THEIR FORMULAS

| Sl no | CHEMICAL NAME | CHEMICAL FORMULA |
|---|---|---|
| 1 | Ammonium chloride | $NH_4Cl$ |
| 2 | Carbonic acid | $H_2CO_3$ |
| 3 | Calcium carbonate | $CaCO_3$ |
| 4 | Calcium hydroxide | $H_2CO_3$ |
| 5 | Calcium oxide | $CaO$ |
| 6 | Nitric acid | $HNO_3$ |
| 7 | Phosphoric acid | $H_3PO_4$ |
| 8 | Sodium carbonate | $Na_2CO_3$ |
| 9 | Sodium hydroxide | $NaOH$ |
| 10 | Sulphuric acid | $H_2SO_4$ |

നിവേദ്.പി

9 എ

# _വിചിത്ര സംഖ്യകൾ

ഓരോ സംഖ്യക്കുമുണ്ട് എണ്ണിയാലൊടുങ്ങാത്ത സവിശേഷതകളുണ്ട് കൂട്ടത്തിൽ
വിചിത്ര സ്വഭാവമുള്ള ചില സംഖ്യകളെ പറ്റിയാണിവിടെ പറയുന്നത്.

## *1089*

1089 ന് വെറും ഒരു നാലക്ക സംഖ്യ എന്നതിൽ കവിഞ്ഞ് ചില സവിശേഷതകളൊക്കെയുണ്ട്. ഒന്നാമതായി ഇത് ഒരു പൂർണ്ണവർഗമാണ്. 33X33=1089.
രണ്ടാമത് 1089 നെ 9 കൊണ്ട് ഗുണിച്ചാൽ അക്കങ്ങൾ തിരിച്ചിട്ടു കിട്ടുന്ന സംഖ്യ ഉത്തരം കിട്ടും.
1089 X 9 =9801
ഗുണനഫലമായ 9801 ഉം ഒരു പൂർണ്ണവർഗ്ഗമാണ്.
99 X 99 = 9801

312X221

312,221 ഇവ രണ്ടും മൂന്നക്ക സംഖ്യകളാണല്ലോ. ഇവയുടെ ഗുണനഫലം എന്തെന്നു നോക്കാം.
312X221=68952
ഇനി ഈ മൂന്നക്കസംഖ്യകൾ തിരിച്ചിട്ടു കിട്ടുന്ന സംഖ്യകളുടെ

ഗുണനഫലം കണ്ടുനോക്കാം. 312 തിരിച്ചെഴുതിയാൽ 213. അതുപോലെ 221 തിരിച്ചെഴുതിയാൽ 122.

213X122=25986

സംഖ്യകൾ തിരിച്ചെഴുതിയപ്പോൾ ഗുണനഫലം തിരിഞ്ഞു വീണു. ഇത്തരം സവിശേഷതകളുള്ള വേറെയും സംഖ്യകളുണ്ട്.
കണ്ടുപിടിക്കാമോ?

*81*

25 ൻെറ വർഗ്ഗമൂലം 5. 25 ലെ അക്കങ്ങളുടെ തുക 7 . ഇവിടെ അക്കങ്ങളുടെ തുകയും വർഗ്ഗമൂലവും തുല്യമല്ല. 144 എടുക്കാം.
വർഗ്ഗമൂലം 12 .
സംഖ്യയിലെ അക്കങ്ങളുടെ തുക 4+4+1=9
ഇതും വർഗ്ഗമൂലത്തിന് തുല്യമല്ല.

എന്നാൽ 81 ൻെറ കാര്യം വ്യത്യസ്തമാണ്. വർഗ്ഗമൂലം 9. അക്കങ്ങളുടെ തുകയും 9 തന്നെ. ഈ സവിശേഷതയുള്ള വേറെ സംഖ്യകളില്ല
എന്നും ഓർക്കുക.

*4*

നാലിന് ഇംഗ്ളീഷിൽ four എന്നാണല്ലോ പറയുന്നത്. Four എന്ന വാക്കിലെ അക്ഷരങ്ങളുടെ എണ്ണവും നാലാണ്.

ഇങ്ങനെ അക്ഷരങ്ങളുടെ എണ്ണം സംഖ്യക്ക്
തുല്യമാകുന്ന ഒരേ ഒരു സന്ദർഭമേയുള്ളൂ. ഇംഗ്ളീഷിൽ four മാത്റം.

*101*

ഒരു രണ്ടക്ക സംഖ്യയെ 101 കൊണ്ടു ഗുണിച്ചുനോക്കുക. 35 X 101= 3535.
സംഖ്യ ആവർത്തിച്ചു വരുന്നു. ഏതു രണ്ടക്ക സംഖ്യ എടുത്താലും
ഈ സവിശേഷത കാണാം . അതായത് രണ്ടക്ക സംഖ്യയെ 101
കൊണ്ട് ഗുണിക്കുന്നതിന് സംഖ്യ ആവർത്തിച്ചെഴുതിയാൽ
മതിയാകും.

27 X 101 = 2727
48 X 101 = 4848

*1001*

1001 നമുണ്ട് ഈ സവിശേഷത. ഒരു മൂന്നക്കസംഖ്യയെ 1001 കൊണ്ട് ഗുണിച്ചു
നോക്കുക.

235 X 1001 =235235 സംഖ്യ ആവർത്തിച്ചു വരുന്നു. ഏതു മൂന്നക്കസംഖ്യ
എടുത്താലും ഈ നിയമം ബാധകമാണ്.സംഖ്യ ഒരിക്കൽ കൂടി എഴുതിയാൽ
ഉത്തരമായി.

437 X 1001 =437437

മനീഷ് 8 എ

# നാടൻ പൂക്കൾ

## മുല്ല

*കാണുക.200 ൽ പരം ഇനങ്ങളുള്ള [ഒലിയേസീ]() എന്ന കുടുംബത്തിലെ ജാസ്മീനം എന്ന ജനുസ്സിൽപ്പെട്ട കുറ്റിച്ചെടിയാണ് മുല്ല. ഇംഗ്ലീഷിൽ ജാസ്മിൻ (Jasmine). "ദൈവത്തിന്റെ സമ്മാനം" എന്നർത്ഥമുള്ള യാസിൻ എന്ന പേർഷ്യൻ വാക്കിൽ നിന്നാണ് ജാസ്മിൻ എന്ന പേരിന്റെ ഉദ്ഭവം. ചിലയിനങ്ങൾ നിത്യഹരിത സസ്യങ്ങളും മറ്റുള്ളവ ഇലപൊഴിയും സസ്യങ്ങളുമാണ്. വെളുത്ത നിറമുള്ള മുല്ലപ്പൂക്കൾ വളരെ സുഗന്ധമുള്ളവയാണ്*



# തുമ്പ

*"തുമ്പ" ഇവിടേക്ക് തിരിച്ചുവിട്ടിരിക്കുന്നു. മറ്റുപയോഗങ്ങൾക്ക്, ദയവായി തുമ്പ (വിവക്ഷകൾ) കാണുക.വ്യാപകമായി കണ്ടു വരുന്ന ഒരു സസ്യമാണ് തുമ്പ (ഇംഗ്ലീഷ്: Common leaucas. ശാസ്ത്രീയനാമം: Leaucas asp era). കേരളത്തിന്റെ ദേശീയോത്സവമായ ഓണവുമായി അഭേദ്യമായ ബന്ധമാണ് തുമ്പപ്പൂവിനും തുമ്പക്കുടത്തിനും ഉള്ളത്. ആയുർവേദ ഔഷധങ്ങളിൽ ഇതിന്റെ ഇലയും വേരും ഉപയോഗിക്കാറുണ്ട്. കർക്കിടവാവ് ബലി തുടങ്ങി മരണാനന്തര ക്രിയകൾക്ക് ഹൈന്ദവർ തുമ്പപ്പൂ ഉപയോഗിക്കുന്നുണ്ട് [1] എങ്കിലും തുമ്പപ്പൂവിന്റെ ഏറ്റവും പ്രശസ്തമായ ഉപയോഗം അത്തപ്പൂക്കളത്തിൽ അലങ്കാരമായാണ്. തൃക്കാക്കരയപ്പന് ഏറ്റവും പ്രിയങ്കരമായ പുഷ്പം വിനയത്തിന്റെ പ്രതീകമായ തുമ്പയാണ് എന്നാണ് കരുതുന്നത് [2] തുമ്പപ്പൂ കൊണ്ട് ഓണരാത്രിയിൽ അട ഉണ്ടാക്കി അത് ഓണത്തപ്പനു നേദിക്കുന്ന ചടങ്ങ് മധ്യകേരളത്തിലെ ചില ഭാഗങ്ങളിൽ നിലവിലുണ്ട്.*



# ചെമ്പരത്തി

*പൂവട എന്നാണിതിനു പേര്.സമശീതോഷ്ണമേഖലകളിൽ കാണുന്ന ഒരു കുറ്റിച്ചെടി ആണ് ചെമ്പരത്തിഎന്ന ചെമ്പരുത്തി(Hibiscus). ഒരു നിത്യപുഷ്പിണിയായ ചെമ്പരത്തിയെ അലങ്കാരസസ്യമായി ധാരാളം നട്ടുവളർത്താറുണ്ട്. .*



# താമര

***പൂക്കളോടുകൂടിയ ഇനങ്ങളും, സങ്കരയിനം സസ്യങ്ങളും കണ്ടുവരുന്നു. വെള്ള, മഞ്ഞ, ഓറഞ്ച്, കടുംച്ചുവപ്പ്, ശ്വേതരക്തവർണ്ണത്തിന്റെ (പിങ്ക്) വിവിധ നിറഭേദങ്ങളോടും ഒറ്റയും ഇരട്ടയുമായ ഇതളുകളുമുള്ള പൂക്കളോടും കൂടിയ സസ്യങ്ങളുമുണ്ട്. ഇതളുകൾ ചെറിയ രീതിൽ കീറിയെടുത്തതുപോലെയുള്ള പൂക്കളോടുകൂടിയവയും കാണാറുണ്ട്.***
***പൂക്കളോടുകൂടിയ ഇനങ്ങളും, സങ്കരയിനം സസ്യങ്ങളും കണ്ടുവരുന്നു. വെള്ള, മഞ്ഞ, ഓറഞ്ച്, കടുംച്ചുവപ്പ്, ശ്വേതരക്തവർണ്ണത്തിന്റെ (പിങ്ക്) വിവിധ നിറഭേദങ്ങളോടും ഒറ്റയും ഇരട്ടയുമായ ഇതളുകളുമുള്ള പൂക്കളോടും കൂടിയ സസ്യങ്ങളുമുണ്ട്. ഇതളുകൾ ചെറിയ രീതിൽ കീറിയെടുത്തതുപോലെയുള്ള പൂക്കളോടുകൂടിയവയും കാണാറുണ്ട്***



# ചെണ്ടുമല്ലി

ചർമ്മ സംരക്ഷണത്തിനായി ഉപയോഗിക്കുന്നവയുടെ കൂട്ടത്തിൽ പണ്ടു മുതൽ അറിയപ്പെടുന്ന ഔഷധമാണ് ചെണ്ടുമല്ലി

മെഡിറ്ററേനിയൻ മേഖല, യൂറോപ് ,ദക്ഷിണേഷ്യ എന്നിവിടങ്ങളിൽ ധാരാളമായി വളരുന്ന ചെണ്ടുമല്ലി

അലങ്കാരത്തിന് ഉപയോഗിക്കുന്ന ചെണ്ട് മല്ലികളേക്കാൾ ഏറെ വ്യത്യസ്തമാണ്.

ചർമ്മ കാന്തി കൂട്ടാൻ സഹായിക്കുന്ന കരോറ്റിനോയിഡുകൾ, ഗ്ലൈക്കോസൈഡ്സ്,

സുഗന്ധതൈലങ്ങൾ, ഫ്ളേവനോയിഡ് , സ്റ്റിറോൾസ് എന്നിവ ഇതിൽ ധാരാളം


അടങ്ങിയിട്ടുണ്ട്. ക്രീമുകൾ, സോപ്പ് , സുഗന്ധ ലേപനങ്ങൾ എന്നീ രൂപങ്ങളിൽ ഇവ ലഭ്യമാകും

**ചർമ്മത്തിന്റെ അസ്വസ്ഥതകൾ**


***ചെണ്ടുമല്ലിയിൽ അടങ്ങിയിട്ടുള്ള സുഗന്ധ തൈലം, ഓർഗാനിക് ആസിഡ്,***




പ്രജീഷ് ഡി
9 എ



VIKAS.M
8A



VIDHYA.P
10B



HARIKESH.S.P
9A



CHARUJITH.J
9A

# അന്നു പെയ്ത മഴയിൽ

അന്ന് രാത്രി മഴ ആർത്തുപെയ്യുകയാണ്. ആരും ഒരു പോള കണ്ണടച്ചില്ല. പെട്ടെന്ന് വളരെ അപ്രതീക്ഷിതമായി ഒരു ശബ്ദം. എല്ലാവരും ഭയന്നു വിറച്ചു. അത് ആകാശത്തിൽ നിന്നുമുള്ള ഭീകരമായ ഒരു ധ്വനിയായിരുന്നു. ഓടിട്ട വീടുകളിലൂടെ മഴവെള്ളം പെയ്തിറങ്ങാൻ തുടങ്ങി. ആ വീട്ടിൽ ഒരു അമ്മയും മകനും മാത്രം. അവർ എന്തുചെയ്യുമെന്നറിയാതിരിക്കുകയായിരുന്നു. വീടിനു മുന്നിലെ മുറ്റത്ത് വെള്ളം ആഞ്ഞടിച്ചു. ഒരു കടലിലെന്നുള്ള പോലെ. പതിയെ പതിയെ അന്തകാരത്തിനെ തിരശ്ശീല വീണു. അപ്പോഴും മഴതിമിർത്തു പെയ്യുകയായിരുന്നു. രാവിലെ ഉറക്കമുണർന്ന വിദ്യ വാതിൽ തുറന്നതും ഞെട്ടിവിറച്ചു. വീടിൻെറ പടികൾ വരെ വെള്ളത്തിൽ മുങ്ങി. എന്തുചെയ്യുമെന്നറിയാതെ ശങ്കിച്ചു നിൽക്കുന്ന അവളുടെ അടുത്തേക്ക് മകൻ ഓടി വന്നു. വിദ്യ അവനെ മാറോട് ചേർത്തു പിടിച്ചു. അവർ ഭയന്ന് ആ വീടിൻെറ മൂലയിൽ ഇരുന്നു. മകനെ അമ്മ ഒന്ന് തലോടി. “പ്രിയ മകനേ ഈ മഴയോടെ ലോകം അവസാനിക്കും, നമ്മൾ ജീവനോടെ ഉണ്ടാകുമോ ഇല്ലയോ എന്ന് അറിയില്ല. മനുഷ്യരുടെ മൂഢത്വങ്ങൾ കാരണമാണ് ഇങ്ങനെ സംഭവിച്ചത് . നിൻെറ തലമുറ ഇങ്ങനെയാവാതെ ശ്രദ്ധിക്കു.

ഒരു നേരത്തെ ഭക്ഷണത്തിനെപോലും വകയില്ലാതെ അവർ ആ വീട്ടിൽ കഴിഞ്ഞു. അമ്മയ്ക്ക് തുണയായി ആ മകനും മകന് കൂട്ടായി അമ്മയും. എന്തുചെയ്യണമെന്നറിയാതെ അവർ ഒരുമിച്ച് ഒരു മൂലയിൽ *ഇരുന്നു. കാരുണ്യത്തിൻെറ കിരണം പ്രതീക്ഷിച്ച്............*

*അമൽദാസ്*

*10 ബി*

# CHILD LABOUR

Hopeful eyes,happy smiles.
Soft hands million dreams.
Is this not the identity of a child.
Then why do I see
Tear filled eyes terrified faces.
Rough hands and shattered dreams.
Deprived of their childhood.
Overloaded with work.
Burdened with responsibility
At such a young age.
So much to learn.
So much to accomplish.
But not given enough time.
Fight for a cause
Raise your voice.
Stop child labour

*- Alicia white*

# CINQUAIN

Teacher
Sweet,truthful
Helping,caring,guiding
Always like a shade with us
*Love*

*Srilakshmi B*

*9 C*

## അമ്മയാം അധ്യാപിക

അങ്ങനെ ആ ദിവസം വന്നെത്തി.അദ്യ സ്കൂൾ പ്രവേശനദിവസം കിങ്ങിണി മോൾക്ക് സ്കൂളിൽ പോകുവാൻ തിടുക്കമായി.ആന്ന് അവൾ ആശിച്ച ഏറ്റവും പ്രിയപ്പെട്ട ദിവസമാണ്.അമ്മയേയും അച്ഛനേയും പരിഭ്രാന്തിയാക്കി.അവൾ ആവേശം പ്രകടിപ്പിച്ചു,"അമ്മേ ബേഗം വാ....നിക്ക് ഉക്കൂളിൽ പോകണം.ബാ അമ്മേ....അമ്മ വാശി പിടിച്ചു.ആ പണിത്തിരക്കിനിടയിലും കിങ്ങിണി മോള് അമ്മയിൽ ആവേശം ഉളവാക്കി.” "വരുന്നു മോളേ ഞാൻ .ഒന്നു റെഡിയാവട്ടെ."അമ്മ പറഞ്ഞു.അങ്ങനെ അമ്മയും കിങ്ങിണിയും ഓട്ടോ കയറി സ്കൂളിലേക്ക് പോയി.പോകുംവഴി അമ്മ കിങ്ങിണി മോളോട് പറഞ്ഞു;”മോളേ നീ ടീച്ചറെ അമ്മയെ പോലെ കാണണം.മുതിർന്നവരെ ബഹുമാനിക്കണം.ടീച്ചറെ അനുസരിക്കണം.അമ്മയ്ക്കും ടീച്ചർക്കും മോളോട് വല്ല്യ സ്നേഹമാ....അമ്മയുടെ ആ ഉപദേശങ്ങൾക്കു മുൻപിൽ കിങ്ങിണിമോള് "ഉം...." എന്ന ഒരു വാക്കിൽ മറുപടി പറഞ്ഞു.അങ്ങനെ അവൾ ആഗ്രഹിച്ച സ്ഥലമെത്തി.”സ്കൂൾ."കിങ്ങിണിമോൾ ആ സ്കൂൾ കണ്ടു.കണ്ട ആവേശത്തിൽ അവൾ ഓട്ടോറിക്ഷയിൽ നിന്നും ചാടിയിറങ്ങി.ഇറങ്ങുന്നതിനിടെ അമ്മയുടെ കാൽ തട്ടി അവൾ റോഡിനരികിൽ വീണു.കല്ലിൽ തട്ടി ചോര വീണു.അവൾ ഉറക്കെ വിളിച്ചു കരഞ്ഞു.”അമ്മേ....”അവളുടെ കരച്ചിൽ കേട്ട് ടീച്ചർ ഓടിവന്നു.അവൾക്ക് നീറുന്നുണ്ടായിരുന്നു.”മോളേ പേടിക്കേണ്ട ടീച്ചർ ഉപ്പം ഈ വേദന മാറ്റിത്തരാം.കേട്ടോ.”ടീച്ചറുടെ ആ മാധുര്യ സ്നേഹ വാക്കുകളിൽ കിങ്ങിണിമോൾ അലിഞ്ഞുപോയി.ടീച്ചർ വേഗം ഓഫീസിൽ പോയി ഫസ്റ്റ് ഏയ്ഡ് ബോക്ക്സ് എടുത്ത് കിങ്ങിണിമോളുടെ കാലിൽ മരുന്ന് വെച്ച് കെട്ടി.ആ വേദനയിൽ മോള് പിടഞ്ഞു.ഇതെല്ലാം അമ്മ കണ്ടുനിൽക്കുന്നുണ്ടായിരുന്നു.എന്താ മോളുടെ പേര്?ടീച്ചർ ചോദിച്ചു.”കിങ്ങിണി മോള്."കിങ്ങിണി മോൾ പറഞ്ഞു.അവളുടെ ആ സങ്കടവും സന്തോഷവും തികഞ്ഞ ആ പാലഞ്ചും പുഞ്ചിരിയിൽ ടീച്ചർ മയങ്ങിപ്പോയി.കിങ്ങിണിമോൾ അമ്മയെ തിരക്കി.അപ്പോഴാണ്

ഇവിടെ കാഴ്ച കണ്ട് നിൽക്കുന്ന അമ്മയെ കിങ്ങിണിമോൾ കണ്ടത്.അങ്ങനെ അമ്മയുടെയും ടീച്ചറുടെയും കൈ പിടിച്ച് അവൾ സ്കൂളിൽ കയറി.ക്ലാസിലെത്തിയ കിങ്ങിണിമോൾ മറ്റു കുട്ടികളെല്ലാം കരയുന്നതു കണ്ട് അവളും കരഞ്ഞു."അമ്മേ....അമ്മേ....അമ്മ പോണ്ട....ബാ ഇബടെ ഇച്ച്."കിങ്ങിണിമോളുടെ കരളിൽ കണ്ട് അമ്മയും കരഞ്ഞു. അപ്പോഴാണ് അവിടെ റോസി ടീച്ചർ എത്തിയത്. ടീച്ചർ കിങ്ങിണിമോളെ വാരിയെടുത്തു. ഒക്കത്തിരുത്തി. കിങ്ങിണിമോൾ കാണാതെ അമ്മ വീട്ടിലേക്ക് പോയി.അൽപനേരം കഴിഞ്ഞപ്പോൾ ടീച്ചർ കിങ്ങിണിമോളോട് പറഞ്ഞു :''മോള് കരയണ്ടാ ട്ടോ ........അമ്മ ഇപ്പം വരും. '' കിങ്ങിണി കരഞ്ഞുകൊണ്ട് ടീച്ചറോട് :''നിച്ച് ഇപ്പൊ അമ്മയെ കാണണം.''അങ്ങനെ ടീച്ചർ കിങ്ങിണിമോളെ കളിപ്പിച്ചും സമാധാനിപ്പിച്ചും അവളുടെ സങ്കടമകറ്റി. പിന്നീടവൾ അമ്മയെ ചൊല്ലി കരഞ്ഞതേയില്ല. കിങ്ങിണി മോള് ടീച്ചറോട് :''ടീച്ചറേ..... ടീച്ചറേ ഞാനേയ്....ടീച്ചറെ അമ്മേന്ന് വിളിച്ചോട്ടെ ? കിങ്ങിണി മോളുടെ ആ വാക്ക് ടീച്ചർക്ക് ഇരട്ടിയിലധികം സ്നേഹം പുലർന്നു. അങ്ങനെ ഉച്ചയായി ഭക്ഷണം കഴിക്കാനിരിക്കുകയാണ്. വേഗം കിങ്ങിണിമോള് ടീച്ചറുടെ അടുത്തെത്തി. ടീച്ചറെ ടീച്ചർക്ക് മാമുവേണോ? കിങ്ങിണിമോള് ചോദിച്ചു. ടീച്ചർ അവളുടെ സമാധാനത്തിനു വഴങ്ങി. ഭക്ഷണം വാങ്ങി അവൾക്ക് വാരിയും കൊടുത്തു. അങ്ങനെ വൈകുന്നേരമായി. കിങ്ങിണിമോള് അമ്മയെ കണ്ടതും ഓടിച്ചെന്നു. അവൾ വീട്ടിലെത്തി. സ്കൂളിൽ നടന്ന കാര്യങ്ങളെല്ലാം കൊഞ്ചിക്കൊഞ്ചി അവൾ അമ്മയോട് പറഞ്ഞു.

രാത്രിഭക്ഷണവും കഴിഞ്ഞ് അവൾ ടീച്ചർ അവൾക്ക് സമ്മാനിച്ച സ്നേഹത്തെയൊക്കെ. ഓർത്തും ചിന്തിച്ചും അവൾ ഉറക്കം ഉണ്ടാക്കി. അങ്ങനെ ഉറക്കത്തിലും ടീച്ചർ അവൾക്ക് സമ്മാനിച്ച സ്നേഹത്തെ ഓർത്ത് സ്വപ്നം കണ്ട് അവൾ ഉറങ്ങി. ടീച്ചർ അവൾക്ക് സമ്മാനിച്ച ഏറ്റവും വലിയ സ്നേഹമാണ് അമ്മ എന്ന അധ്യാപികയുടെ സ്നേഹം.

# സദ്ഗമയ

GOVT.HIGH SCHOOL
KUMARAPURAM

## നന്ദി നമസ്കാരം



LITTLE KITES
School Magazine